**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2796** 14-09-2023 - ൽ മറുപടിയ്ക്ക്

**ഉദുമ സ്പിന്നിങ്ങ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ്ങ് മിൽ നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദുമ ടെക്സ്റ്റൈൽ മിൽ നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | ഈ സ്ഥാപനത്തെ ലാഭത്തിലാക്കികൊണ്ട് കൂടുതൽ ജീവനക്കാർക്ക് തൊഴിൽ നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉദുമ ടെക്സ്റ്റൈൽ മിൽസിൽ പരമാവധി ഉൽപാദന ക്ഷമത കൈവരിച്ച് നിലവിലുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകാതെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാനുള്ള ശ്രമമാണ് നടക്കുന്നത്. നൂലിന്റെ വിപണന സാഹചര്യം മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ ജീവനക്കാർക്ക് തൊഴിൽ നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. എൻ.എച്ച് 66നോട് ചേർന്ന് മൈലാട്ടിയിൽ പ്രവർത്തിക്കുന്ന ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ കൈവശമുള്ള ഭൂമിയിൽ വികസന പദ്ധതികൾ പരിഗണനയിലാണ്.ഉദുമ സ്പിന്നിംഗ് മില്ലിലെ ഉപയോഗ ശൂന്യമായി കിടക്കുന്ന 5 ഏക്കറിലധികം വരുന്ന ഭൂമി ഉപയോഗപ്പെടുത്തി ബഹുനില വ്യവസായ സമുച്ചയം സ്ഥാപിക്കുന്നതിന് വകുപ്പിന്റെയും കാസർഗോഡ് പാക്കേജ് ഉൾപ്പെടെയുള്ള മറ്റ് പദ്ധതികളുടെയും ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ കുറവുള്ള കാസർഗോഡ് ജില്ലയിലെ സ്ഥാപനം എന്ന പരിഗണന നൽകി ഈ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികളിലൂടെ മില്ലുകളുടെ പ്രവർത്തന ക്ഷമതയും ഉൽപാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി നടപ്പാക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതിയിൽ ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ സമഗ്ര വിപുലീകരണത്തിനായി 9.17 കോടി രൂപയുടെ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപാദനത്തിനായി സ്പിന്നിംഗ് വിഭാഗത്തിൽ ഓട്ടോകോണർ, കോമ്പർ, യാൺ കണ്ടീഷണർ തുടങ്ങിയവയും, പ്രിപ്പറേറ്ററി വിഭാഗം നവീകരണവും, മറ്റു അനുബന്ധ സാമഗ്രികളും ക്വാളിറ്റി ടെസ്റ്റിംഗ് സൗകര്യവും ഉദുമ ടെക്സ്റ്റൈൽ മില്ലിനായി പ്രസ്തുത |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. നടപ്പ സാമ്പത്തിക വർഷം ഉദ്ദമ ടെക്സ്റ്റൈൽ മില്ലിനായി പ്രവർത്തന മൂലധനം എന്ന നിലയിൽ 47.50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ